# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3239 | 13.03.2017-ൽ മറുപടിയ്ക്ക് |
|---|---|

**ശുചിത്വമിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ശുചിത്വമിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; ശുചിത്വമിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ മറ്റ് ഏതെങ്കിലും ഏജൻസികൾ നടത്തുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന മാലിന്യ സംസ്കരണ ഗാർഹിക/സ്ഥാപന/കമ്യൂണിറ്റി/പൊതു പ്രോജക്ടുകൾ പരിശോധിച്ച് അവ നടപ്പിലാക്കുന്നതിനായി ശുചിത്വ മിഷൻ വഴി സാങ്കേതിക അനുമതിയും അനുവദനീയമായ സാമ്പത്തിക സഹായവും നൽകിവരുന്നു.<br>ചുവടെ പറയുന്ന പ്രവർത്തനങ്ങളും ശുചിത്വ മിഷൻ വഴി നടത്തി വരുന്നു.<br>1. വിവിധതലങ്ങളിലെ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് വേണ്ട സാങ്കേതികവിദ്യ, സാങ്കേതിക സംവിധാനങ്ങൾ കണ്ടെത്തലും അവയ്ക്ക് അനുമതി നൽകലും.<br>2. തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ ഓരോ സാങ്കേതിക വിദ്യ/സംവിധാനത്തെ അടിസ്ഥാനപ്പെടുത്തി പ്രോജക്ട് ഡി.പി.ആർ. തയ്യാറാക്കൽ, പ്രോജക്ട് നിർവ്വഹണം എന്നിവ നടപ്പിലാക്കുന്നതിന് ശേഷിയുള്ള സർവ്വീസ് പ്രൊവൈഡർമാരെ കണ്ടെത്തി എംപാനൽ ചെയ്യുക.<br>3. മാലിന്യ സംസ്കരണ രംഗത്തെ ഓരോ മേഖലയിലേക്കും അനുയോജ്യമായ സമീപനവും നയവും മാർഗ്ഗരേഖകളും മറ്റ് പ്രാമാണികമായ നിർവ്വഹണ രീതികളും പുറപ്പെടുവിക്കുക.<br>4. മാലിന്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ പങ്കാളികൾക്കും വേണ്ട ശേഷി വികസന പരിശീലനങ്ങൾ സംഘടിപ്പിക്കുക.<br>5. സുരക്ഷിത മാലിന്യ സംസ്കരണ സംസ്കാരം പൊതു സമൂഹത്തിൽ സൃഷ്ടിക്കുന്നതിനും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് അനുരോധമായ മനോഭാവം രൂപീകരിക്കുന്നതിനുമുള്ള വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.<br>6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാക്കാൻ കഴിയുന്നതരത്തിലുള്ള പ്രത്യേക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക (ഗ്രീൻ പ്രോട്ടോകോൾ, സ്വാപ്പ് ഷോപ്പ്). |

| | | | |
|---|---|---|---|
| | | | **7.** മഴക്കാലപൂർവ്വ ശുചീകരണ പരിപാടികൾക്ക് വേണ്ടുന്ന സാങ്കേതിക പിന്തുണയും സാമ്പത്തിക സഹായവും അനുവദിക്കുക.<br>8. പുനഃചക്രമണം, മറ്റ് പ്രകൃതി സൗഹൃദ വ്യവ സായങ്ങൾ, സംരംഭങ്ങൾ മുതലായവയ്ക്കുള്ള പ്രോത്സാഹനം.<br>**9.** ഉത്പാദകന്റെ അധിക ഉത്തരവാദിത്തം **(Extended produce Responsibility)** പ്രോത്സാ ഹിപ്പിക്കുന്നതിനും, അനുബന്ധ പരിപാടികൾക്കും ഇൻസന്റീവ്.<br>10. മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സഹകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ/ചെറുകിട സംരംഭകർ എന്നിവർക്ക് നൽകുന്ന ധനസഹായം.<br><br>ശുചിത്വ മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ മറ്റ് ഏജൻസികൾ നടത്തുന്നില്ല. |
| (ബി) | ശുചിത്വമിഷൻ ഈ വർഷം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (ബി) | ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകളുടെ പുരുദ്ധാരണം, ഉറവിട മാലിന്യ സംസ്ക്കരണം, ദ്രവമാലിന്യ പരിപാലനം (സെപ്റ്റേജ് അടക്കം), മഴക്കാലപൂർവ്വ ശുചീകരണം, വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, വർക്ക്ഷോപ്പുകളും ശേഷി വികസന പ്രവർത്തനങ്ങളും, മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്കുള്ള യന്ത്രസാമഗ്രികൾ, പുനഃചക്രമണം, ബദൽ പ്രകൃതി സൗഹൃദ വ്യവസായങ്ങൾ, സംരംഭങ്ങൾക്കുപ്രോത്സാഹനം, ഉത്പാദകന്റെ അധിക ഉത്തരവാദിത്വം പ്രോത്സാഹിപ്പിക്കുന്നതിനും അനുബന്ധ പരിപാടികൾക്കും ഇൻസന്റീവ്, മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സഹകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ/ചെറുകിട സംരംഭകർ എന്നിവർക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ, ഖരമാലിന്യ സംസ്ക്കരണത്തിനു നൂതന പദ്ധതികൾ, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും ബദൽ ഉത്പന്നങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പോളിസി ഗൈഡ്ലൈൻ തയ്യാറാൽ തുടങ്ങിയവ നേരിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ഈ വർഷം നടത്തുന്നതാണ്. |
| (സി) | ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന സംവിധാനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (സി) | ശുചിത്വ മിഷന്റ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ 14 ജില്ലാ ഓഫീസുകൾ വഴി വിലയിരുത്തുന്നുണ്ട്. ജില്ലാതല ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ ജില്ലാ ശുചിത്വ സമിതിയും, സംസ്ഥാനതല പ്രവർത്തനങ്ങൾ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിങ്ങ് ബോഡി, സർക്കാർ എന്നീതലങ്ങളിലും വിലയിരുത്തിവരുന്നു. |
| (ഡി) | മലപ്പുറം ജില്ലയിൽ ശുചിത്വമിഷൻ ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാം; വിശദ വിവരം ലഭ്യമാക്കുമോ? | (ഡി) | മലപ്പുറം ജില്ലാ ശുചിത്വ മിഷൻ ഏറ്റെടുത്ത പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിവര |

| | | | |
|---|---|---|---|
| | | | വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, ഗ്രീൻപ്രോട്ടോകോൾ, കീ റിസോഴ്സ് പേഴ്സൺമാർ മുഖേന സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പ്രൊജക്ടുകൾക്ക് ശുചിത്വമിഷൻ സബ്സിഡിയോടു കൂടി സാങ്കേതികാനുമതി നൽകുക, എല്ലാ ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വെളിയിട വിസർജ്ജന വിമുക്തമാക്കുന്ന പ്രവർത്തനം, വിവിധ മാലിന്യ സംസ്കരണ മോഡലുകൾ ഡെമോ ഡിസ്പ്ലേ, എക്സിബിഷൻ , സ്വാപ്ഷോപ്പുകൾ, സ്റ്റേക്ഹോൾഡർ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ലഭ്യമാക്കുവാൻ സർവ്വീസ് പ്രൊവൈഡർമാരുടെ സേവനം ഉറപ്പാക്കൽ, ജില്ലാ പഞ്ചായത്തുമായി ചേർന്ന് ക്ലീൻ ആൻഡ് ഗ്രീൻ സിവിൽ സ്റ്റേഷൻ പ്രോഗ്രാം നടപ്പിലാക്കുന്നു, സ്കൂളുകൾ കേന്ദ്രീകരിച്ച് ശുചിത്വ സന്ദേശം എത്തിക്കാനും പ്ലാസ്റ്റിക് നിർമാർജ്ജനത്തിനു വേണ്ടി എ.ഇ.ഒ. തലത്തിൽ ശുചിത്വ ക്ലാസ്സുകൾ, എം.പി.കെ.ബി.വൈ ഏജന്റുമാർ മുഖേനയുള്ള ഗാർഹികതല മാലിന്യ സംസ്ക്കരണ സന്ദേശവും പിന്തുണയും, ഹരിതകേരളം പദ്ധതിയുടെ ഭാഗമായ പ്രവർത്തനങ്ങൾ, എസ്.സി കോളനികളിലെ മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ പ്രൊജക്ട് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ഇംപ്ലിമെന്റേഷൻ ഏജൻസിയാണ് ശുചിത്വമിഷൻ, എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന സന്ദേശത്തെ അടിസ്ഥാനപ്പെടുത്തി സമൂഹത്തിൽ പ്രശസ്തരായ വ്യക്തികൾ മാതൃകാപരമായി വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ച ഉറവിടമാലിന്യ സംസ്കരണം പരിപാടിയുടെ ഡോക്യുമെന്റ് ചെയ്യുക, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ & അർബൺ) പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത്/നഗരസഭകൾ വഴിയുള്ള ഏകോപനം, ശുചിത്വ കേരളം പ്രവർത്തനങ്ങളുടെ ഏകോപനം. |

സെക്ഷൻ ഓഫീസർ